(ഇ) അംഗീകാരമില്ലാത്ത ഇത്തരം സ്വകാര്യ സ്കൂളുകൾ സ്ഥാപിതമായ വർഷം, നാട്ടിൽ സ്കൂളിനുള്ള വിശ്വാസ്യതയും, മതിപ്പും സ്കൂളിലെ അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യത, അദ്ധ്യയന നിലവാരം, സ്കൂളിൽ പരിശീലനം സിദ്ധിച്ച അദ്ധ്യാപകരുടെ സാന്നിദ്ധ്യം തുടങ്ങി ഈ വിഷയവുമായി ബന്ധപ്പെട്ട മറ്റു ഘടകങ്ങൾ എന്നിവയാണ് ഇതുമായി ബന്ധപ്പെട്ടു പരിഗണിക്കാറുള്ള മാനദണ്ഡങ്ങൾ.

ദൃശ്യ-ശ്രവ്യ മാധ്യമങ്ങളിലൂടെ പുതിയ പഠനം

86 (625) ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :
ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്ഗ്) :
ശ്രീ. പി. എസ് സുപാൽ :
ശ്രീ. പി. രാജു :
ശ്രീ. ജോസ് ബേബി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദൃശ്യ-ശ്രവ്യ മാധ്യമങ്ങളിലൂടെ പുതിയ പഠനാനുഭവങ്ങൾ വിദ്യാർത്ഥികളിൽ എത്തിക്കുന്നതിനു തീരുമാനിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിനു വേണ്ടിയുള്ള എന്തെല്ലാം പദ്ധതികൾ ഇതുവരെ നടപ്പിലാക്കി ?

ഉത്തരം

(എ) ഉണ്ട്.

(ബി) സംസ്ഥാനത്തെ ഹൈസ്കൂളുകളിൽ ദൃശ്യ-ശ്രവ്യ മാധ്യമങ്ങളിലൂടെ പുതിയ പഠനാനുഭവങ്ങൾ ലഭ്യമാക്കുന്നതിന് പ്രോജക്ടർ, ബ്ലയിഡ് പ്രോജക്ടർ എന്നിവയും, ടി.വി., വി.സി.പി., റേഡിയോ-കം കാസറ്റ് പ്ലേയർ മുതലായവയും നൽകിയിട്ടുണ്ട്. ഹൈസ്കൂളുകളിൽ മൾട്ടിമീഡിയ സൗകര്യം ഉൾപ്പെടെയുള്ള കമ്പ്യൂട്ടറുകൾ നൽകുന്നതിനുള്ള പദ്ധതി ഘട്ടംഘട്ടമായി നടപ്പാക്കി വരികയാണ്. പഠന സംബന്ധിയും വിജ്ഞാനപ്രദവുമായ സി.ഡികളും കമ്പ്യൂട്ടർ നൽകിയ സ്കൂളുകൾക്കു നൽകിയിട്ടുണ്ട്. ദൃശ്യ-ശ്രവ്യ മാധ്യമങ്ങളിലൂടെ വിദ്യാർത്ഥികൾക്ക് പഠന സൗകര്യം ഫലപ്രദമാക്കുവാൻ വേണ്ട പദ്ധതികൾ നടപ്പിലാക്കുന്നതിനു വേണ്ടി സ്റ്റേറ്റ് ഇൻസ്റ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷണൽ ടെക്നോളജി എന്ന സ്ഥാപനം സർക്കാർ സ്ഥാപിച്ചിട്ടുണ്ട്. ഈ ഇൻസ്റ്റിറ്റ്യൂട്ടിന്റെ നേതൃത്വത്തിൽ തയ്യാറാക്കിയ വിദ്യാഭ്യാസ പരിപാടികൾ ദൂരദർശന്റെ തിരുവനന്തപുരം ചാനൽ വഴി 1-2-2001 മുതൽ സംപ്രേഷണമാരംഭിച്ചു. സ്കൂളുകളിൽ കമ്പ്യൂട്ടർ വിദ്യാഭ്യാസം സാർവ്വത്രികമാക്കുന്നതിന്റെ ഭാഗമായി ഐ.ടി. @ സ്കൂൾ എന്ന പദ്ധതി സർക്കാർ ആവിഷ്കരിച്ചു നടപ്പിലാക്കി വരുന്നു.

ഡി.പി.ഇ.പി.

87 (627) ശ്രീ. പി. പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) ഡി.പി.ഇ.പി. യുടെ നടത്തിപ്പ് സംസ്ഥാനത്തെ വിദ്യാഭ്യാസ മേഖലയ്ക്ക് ദോഷം ചെയ്യുമെന്ന വിമർശനത്തിന്റെ വെളിച്ചത്തിൽ സർക്കാർ പ്രസ്തുത പദ്ധതി നടത്തിപ്പ് പുനരവലോകനത്തിന് വിധേയമാക്കിയിട്ടുണ്ടോ ;

(ബി) ഡി.പി.ഇ.പി. ഉപേക്ഷിക്കുവാൻ അഥവാ ഇംഗ്ലീഷ് മീഡിയം സ്കൂളുകളിലേക്കു കൂടി വ്യാപിപ്പിക്കുവാൻ നയപരമായ തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ ;

(സി) ഡിപി.ഇപി. നടത്തിപ്പിലേക്ക് നാളിതുവരെ എന്തു തുക ചെലവായിട്ടുണ്ട് ?

ഉത്തരം

(എ) ഡി.പി.ഇ.പി.യുടെ നടത്തിപ്പ് സംസ്ഥാനത്തെ വിദ്യാഭ്യാസ മേഖലയ്ക്ക് വളരെ ഗുണം ചെയ്തിട്ടുള്ളതിനാൽ പ്രസ്തുത പദ്ധതിയുടെ നടത്തിപ്പ് പുനരവലോകനത്തിന് വിധേയമാക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നില്ല.

(ബി) ഇല്ല.

(സി) ഡി.പി.ഇ.പി. യുടെ നടത്തിപ്പിനു വേണ്ടി 31-1-2001 വരെ 12875 ലക്ഷം രൂപ ചെലവായിട്ടുണ്ട്.

ഏരിയാ ഇന്റൻസീവ് പ്രോഗ്രാമനുസരിച്ചുള്ള സ്കൂളുകൾ

88 (629) ശ്രീ. ഇസ്ഹാക് കുരിക്കൾ :
ശ്രീ. ചെർക്കളം അബ്ദുള്ള :
ശ്രീ. പി. കെ. കെ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏരിയാ ഇന്റൻസീവ് പ്രോഗ്രാമനുസരിച്ചു സ്കൂളുകൾ നടത്തുന്നതിനു സർക്കാരിൽ എത്ര അപേക്ഷകൾ ലഭിച്ചു ;

(ബി) ഈ അപേക്ഷകളെല്ലാം കേന്ദ്ര ഗവൺമെന്റിനു സമർപ്പിച്ചു കഴിഞ്ഞോ ;

(സി) ഇനിയും അയച്ചു കൊടുക്കാൻ അപേക്ഷകൾ ബാക്കിയുണ്ടോ ; എങ്കിൽ എത്ര ;

(ഡി) ഇത് എന്നത്തേക്ക് കേന്ദ്ര ഗവൺമെന്റിനു അയച്ചു കൊടുക്കും ;

(ഇ) അപേക്ഷകൾ കേന്ദ്ര ഗവൺമെന്റിനു അയച്ചു കൊടുക്കാൻ കാലതാമസം ഉണ്ടായിട്ടുണ്ടോ ;

(എഫ്) അപേക്ഷിച്ചതിൽ ഏതെല്ലാം സ്കൂളുകൾക്ക് അംഗീകാരം നൽകി. അവ എന്നത്തേയ്ക്ക് തുടങ്ങുവാൻ സാധിക്കും ;

(ജി) ഇതിലേക്ക് അനുവദിച്ചു കിട്ടിയ ഫണ്ട് എത്രയെന്ന് വെളിപ്പെടുത്താമോ ?

LIBRARY ARCHIVES Kerala Legislative Assembly